Roll No. | | | | | | | |

Series SHC Code No. **12**

- Please check that this question paper contains 4 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 5 questions.
- Please write down the serial number of the question before attempting it.

MALAYALAM

മലയാളം

Time allowed : 3 hours *Maximum Marks : 100*

അനുവദിച്ച സമയം : 3 മണിക്കൂർ *ആകെ മാർക്ക് : 100*

1. (a) മനോരമ പത്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പലതുള്ളി പദ്ധതിയെ അനുമോദിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്തുതയ്യാറാക്കുക. 5

അല്ലെങ്കിൽ

പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുവാൻ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സംഘടനകൾക്ക് പിന്തുണ നൽകിക്കൊണ്ട് ഏതെങ്കിലും പ്രമുഖ പത്രത്തിന്റെ പത്രാപർക്ക് ഒരു കത്തു് എഴുതുക.

(b) നിങ്ങളുടെ പ്രദേശത്തുള്ള വായനശാലയുടെ ആദിമുഖ്യത്തിൽ നടന്ന വായനാവാരാഘോഷ പരിപാടികളെക്കുറിച്ച് ഒരു റിപ്പോർട്ടു തയ്യാറാക്കുക. 10

അല്ലെങ്കിൽ

സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികളിലെ സർഗ്ഗവാസനകളെ വളർത്തുവാൻ വേണ്ടി നടത്തിയ അവധിക്കാല ക്യാമ്പിനെക്കുറിച്ചൊരു റിപ്പോർട്ടു തയ്യാറാക്കുക.

(c) ഖണ്ഡികവായിച്ച് അതിനു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ദർശനം എന്നവാക്കിന് കാഴ്ച എന്നോ കാഴ്ചപ്പാട് എന്നോ അർത്ഥം പറയാം ദൃശ്യപ്രപഞ്ചത്തിലെ അത്ഭുത പ്രതിഭാസങ്ങളും തന്റെ ഉള്ളിലെ അത്ഭുതലോകവും മനുഷ്യനെ ചിന്തിപ്പിക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായി. ഈ ചിന്തയുടെ ഫലമായി പല മതങ്ങൾഅഭി പ്രായങ്ങൾ അഥവാ ദർശനങ്ങൾ (വീഷണഭേദങ്ങൾ) ഉണ്ടായി. നമ്മുടെ ജീവിതം എങ്ങനെ നയിക്കണം എന്നതിനെപ്പറ്റിയുള്ള ഭിന്നമതങ്ങളാണ് ഭിന്നദർശനങ്ങൾ. ഭാരതീയാദർശനങ്ങൾ മുഖ്യമായി ഒമ്പതാണ്. - ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം, ബൗദ്ധം ജൈനം, ചാർവാകം ഇവയിൽ ആദ്യം പറഞ്ഞ ആറെണ്ണത്തെ ഷഡ്ദർശനങ്ങൾ എന്നു പറയുന്നു. വേദപ്രാമാണ്യത്തെ നിഷേധിക്കുന്ന ഒടുവിൽ പറഞ്ഞ മൂന്നെണ്ണം നാസ്തികദർശനങ്ങൾ എന്ന് അറിയപ്പെടുന്നു. അവ മൂന്നും ഈശ്വരാസ്തിത്വം മാനിക്കുന്നവയല്ല. ബൗദ്ധ ജൈന ദർശനങ്ങൾക്കു പ്രചോദനം നൽകിയതെന്നു വിശ്വസിക്കുന്നസാംഖ്യദർശനം തികഞ്ഞ നിരീശ്വരവാദമാണെങ്കിലും വേദപ്രാമാണ്യത്തെ അംഗീകരിക്കുകയും സ്വർഗ്ഗത്തിലും ദേവന്മാരിലും വിശ്വസിക്കുകയും ചെയ്യുന്നതു വിചിത്രമാണ്.

ചോദ്യങ്ങൾ

(i) എന്താണ് ദർശനങ്ങൾ ? 2

(ii) ദർശനങ്ങൾ ഉണ്ടാകാനിടയായതെങ്ങനെ ? 2

(iii) ഷഡ്ദർശനങ്ങളെന്നാലെന്ത് ? 2

(iv) നാസ്തിക ദർശനങ്ങൾ ആപേരിൽ അറിയപ്പെടാൻ കാരണമെന്ത് ? 2

(v) സാംഖ്യദർശനത്തിന്റെ സവിശേഷത എന്ത് ? 2

2. (a) ഉപമാലങ്കാരത്തിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക. 10

അല്ലെങ്കിൽ

രൂപകം ഉത്പ്രേക്ഷ എന്നീ അലങ്കാരങ്ങളുടെ സാജാത്യ വൈജാത്യങ്ങൾ വിവരിക്കുക.

(b) അലങ്കാരം വിശദമാക്കുക. 7

സുരവംശജനല്ലെങ്കിലു മെന്തേ
ധരന്നീപതിയെൻ നാഥൻ
ശതഗുണലാളിത പൂരുഷസിംഹൻ
ശാഖാലംകൃത ചൂഡൻ

അല്ലെങ്കിൽ

കാർവർണ്ണൻ തന്നുടെ കണ്മുനയായൊരു കാർവണ്ടു വന്നിങ്ങു
മെല്ലെമെല്ലെ ദീനനായ് നിന്നൊരുത്താനായപൂവിൽ
നിന്നാനുന്മാടിക്കളിക്കുമോ താൻ.

(c) അതിശയോക്തിയുടെ സ്പർശമില്ലാതെ ഒരലങ്കാരവുമില്ല എന്ന അഭിപ്രായം ഉദാഹരണസഹിതം വ്യക്തമാക്കുക. 8

അല്ലെങ്കിൽ

ചമ്പകാംഗിതൻ നെറ്റിത്തടത്തിൽ പ്രകാശിച്ചു കുമ്പളക്കുരു
പോലെചന്തനക്കുറി ഗോപി — അലങ്കാര ഭംഗി വ്യക്തമാക്കുക.

3. (a) മനുഷ്യത്വത്തിന്റെ വിജയഗാഥയാണ്തുളസി എന്ന കവിത — സമർത്ഥിക്കുക. 6

അല്ലെങ്കിൽ

ബാലാമണിയമ്മയുടെ ജീവിതദർശനം ഭൂമിയുടെ
സൗന്ദര്യത്തിലധിഷ്ഠിതമാണെന്നു ച്യവനൻ എന്ന കവിത —
വിശദീകരിക്കുക.

(b) ശക്തിയുടെ കവി എന്നു പ്രസിദ്ധനായഇടശ്ശേരിയുടെ ശക്തമായ ഒരു രചനയാണ് ബിംബിസാരന്റെ ഇടയൻ എന്ന അഭിപ്രായം സമർത്ഥിക്കുക. 7

അല്ലെങ്കിൽ

'ജീവിതത്തിലെ തിവ്രയാഥാർത്ഥ്യങ്ങളുടെ
കാവ്യാവിഷ്കാരമാണ് ബാക്കിവല്ലതു മുണ്ടോ എന്ന കവിത.' —
നിരൂപണം ചെയ്യുക.

(c) അഹെരുവം എന്ന കവിതയിലുടെ കവിവർത്തമാനകാലത്തിന്റെ ഏതെല്ലാം മനോഭാവങ്ങളോടാണ് പ്രതികരിക്കുന്നത് ? - ഉപന്യസിക്കുക. 7

അല്ലെങ്കിൽ

പ്രകൃതിയെ പ്രതീകമാക്കുന്ന കവിതയാണ് 'ഒരേതീയ്' എന്ന അഭിപ്രായം വിലയിരുത്തുക.

4. (a) ഉള്ളൂരിനെ ഒരു തികഞ്ഞ മഹാകവിയായിത്തന്നെ കേരളത്തിലെ ലക്ഷക്കണക്കിനു ജനങ്ങൾ ആദരിക്കുന്നതിന് മാരാർ കണ്ടെത്തുന്ന കാരണങ്ങൾ എന്തെല്ലാം ? 7

അല്ലെങ്കിൽ

നാദബ്രഹ്മസിംഹാസനത്തിൽ മഹാറാണിയായി വിളങ്ങുന്ന കവിത ലോകത്തിലെമ്പാടും നിത്യസുഖം നൽകുന്നവളാണെന്നതാണ് വള്ളത്തോളിന്റെ കാവ്യസങ്കല്പം എന്ന അഭിപ്രായം സമർത്ഥിക്കുക.

(b) പ്രകൃതിയുമായുള്ള ബന്ധം ജി. യുടെ കവിതകളിൽ എത്രമാത്രം പ്രകടമാണെന്ന് വിലയിരുത്തുക. 7

അല്ലെങ്കിൽ

ചെയ്യാൻ മടിച്ച പയോദം എന്ന വിശേഷണം എൻ. വി. യ്ക്ക എത്രമാത്രം അനുയോജ്യമാണെന്ന് വിലയിരുത്തുക.

(c) പൂന്താന പഠന ലേഖനങ്ങൾ 'നേർവഴിക്കുള്ള ആദ്യത്തെ പരിശ്രമ'മാണെന്ന് ലേഖകനു തോന്നാനുള്ള കാരണങ്ങളെന്തെല്ലാം ? 6

അല്ലെങ്കിൽ

കുമാരനാശാന്റെ കാവ്യപ്രപഞ്ചം എന്ന കൃതിയെ ഡോ. അകവൂർ നാരായണൻ വിലയിരുത്തുന്നതെങ്ങനെ ?

5. മഞ്ഞ് എന്ന ഗ്രന്ഥനാമം ആ കൃതിക്ക് എത്രമാത്രം അനുയോജ്യമാണെന്നു പരിശോധിക്കുക. 10

അല്ലെങ്കിൽ

ഒരു ഭാവഗാനം പോലെ സുന്ദരമാണ് 'മഞ്ഞ്' എന്ന അഭിപ്രായം സമർത്ഥിക്കുക.